സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം

12 [*241] ശ്രീ. വി. കെ. സി. മമ്മത്കോയ :

,, പി. സി. ജോർജ് :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എത്ര സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രവർത്തനം നിലച്ചുപോയവ എത്ര ; പ്രവർത്തനം നിലച്ചുപോയ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ഡി) സംസ്ഥാനത്ത് എവിടെയെങ്കിലും പുതുതായി സ്പിന്നിംഗ് മിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഫീസിബിലിറ്റി സ്റ്റഡി നടത്തുകയുണ്ടായോ ;

(എഫ്) പുതുതായി സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന ജില്ലയിൽ നിലവിലുള്ള സ്പിന്നിംഗ് മിൽ പ്രവർത്തനക്ഷമമാണോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്. സർക്കാർമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന മില്ലുകളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ട്.

(ബി) സഹകരണമേഖലയിൽ 7 മില്ലുകളും, ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ നിയന്ത്രണത്തിൽ 3 മില്ലുകളും സർക്കാർ ഉടമസ്ഥതയിൽ ഒരു മില്ലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിക്വിഡേഷനിലാണ്. ഇത് പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കേരളാ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രവർത്തനം നിലച്ച മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന്റെ പ്രവർത്തനം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി, ഇ) കോട്ടയം ജില്ലയിലെ പാലായിൽ എൻ. സി. ഡി. സി.യുടെ സാമ്പത്തിക സഹായത്തോടെ ഒരു സ്പിന്നിംഗ് മില്ല് സ്ഥാപിക്കുന്നതാണെന്ന് 2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(എഫ്) കോട്ടയം ജില്ലയിൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കോട്ടയം ടെക്സ്റ്റയിൽസും സഹകരണ മേഖലയിൽ പ്രിയദർശിനി സ്പിന്നിംഗ് മില്ലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly